**//MOST IMMEDIATE//**

**സന്ദേശം**

TO : **കൊച്ചി റേഞ്ചിലെ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും.**
INFO :
FROM : **പോലീസ് ഇൻസ്പെക്ടർ ജനറൽ, കൊച്ചി റേഞ്ച്.**

**No. B2-400/2018/KoR Dt 12-01-2018**

29.12.2017 തിയതി സംസ്ഥാന പോലീസ് മേധാവിയും, 04.01.2018 തിയതി ദക്ഷിണ മേഖലാ പോലീസ് അഡീഷണൽ ഡയറക്ടർ ജനറലും വിളിച്ച് ചേർത്ത ക്രൈം കോൺഫറൻസുകളിൽ കൈക്കൊണ്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ കർശനമായ അനുവർത്തന നടപടികൾക്കായി ചുവടെ ചേർക്കുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു(.)

1. എല്ലാ ഓഫീസുകളിലും ഒരു ഹൗസ് കീപ്പിംഗ് ഓഫീസറെ ചുമതലപ്പെടുത്തേണ്ടതാണ്. ഓഫീസുകളുടെ വൃത്തിയും പരിസരശുചിത്വവും ഉറപ്പുവരുത്തേണ്ടത് പ്രസ്തുത ഹൗസ് കീപ്പിംഗ് ഓഫീസറുടെ ചുമതലയായിരിക്കും.

2. സബ് ഇൻസ്പെക്ടർ മുതൽ ജില്ലാ പോലീസ് മേധാവി വരെയുള്ളവർ 2018 വർഷത്തെ പ്രവർത്തന മുഗണനാ ക്രമം വ്യക്തമാക്കുന്ന ഒരു ആക്ഷൻ പ്ലാൻ തയ്യാറക്കേണ്ടതും, 20.01.2018 ന് മുമ്പ് ഈ കാര്യാലയത്തിലേക്ക് അയച്ചു തരേണ്ടതാണ്.

3. സബ് ഇൻസ്പെക്ടർമാർ മുതൽ എല്ലാ ഓഫീസർമാരും ആനുവൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ മാതൃകയിൽ ഒരു സെൽഫ് അപ്രൈസൽ സ്വയം തയ്യാറാക്കി നൽകേണ്ടതാണ്. ആയത് 31.01.2018 തിയതിക്കു മുമ്പായി ഈ കാര്യാലയത്തിലേക്ക് അയച്ചു തരേണ്ടതാണ്.

4.വിവിധ ക്രൈം കേസുകളിൽ ഉൾപ്പെട്ട നിലയിലും ഇല്ലാതെയും സ്റ്റേഷൻ പരിസരത്ത് സൂക്ഷിക്കപ്പെട്ടുവരുന്ന വാഹനങ്ങൾ പ്രത്യേകമായി പട്ടികപ്പെടുത്തി മാസംതോറും സ്റ്റേറ്റ്മെൻറ് അയച്ചു തരേണ്ടതാണ്.

5. പാസ്പോർട്ട് വേരിഫിക്കേഷൻ സംബന്ധിച്ച റിപ്പോർട്ടുകൾ മൂന്നു ദിവസത്തിനകം നല്കപ്പെടുന്നതായി ഉറപ്പുവരുത്തേണ്ടതാണ്.

6. കഴിഞ്ഞ വർഷം റിപ്പോർട്ടു ചെയ്യപ്പെട്ട മുഴുവൻ മർഡർ കേസുകളും ജനുവരി 31 ന് മുമ്പായിചാർജ്ഷീറ്റ് ചെയ്തതായി ഉറപ്പുവരുത്തേണ്ടതാണ്. അപ്രകാരം സാധ്യമാകാത്ത കേസ്സുകൾ ഉണ്ടെങ്കിൽ അതിൻറെ കാരണം വ്യക്തമാക്കികൊണ്ടുള്ള റിപ്പോർട്ടുകൾ പ്രസ്തുത തിയതിക്കുമുമ്പായി സമർപ്പിക്കേണ്ടതാണ് .

7. ഓരോ ജില്ലയിലും FSL റിപ്പോർട്ടുകൾ ലഭിക്കാത്ത കാരണത്താൽ, ചാർജ്ജുഷീറ്റ് ചെയ്യാൻ കഴിയാത്ത കേസുകളുടെ പട്ടിക തയ്യാറാക്കി, റിപ്പോർട്ടിനായി FSL-ലേയ്ക്ക് അയച്ച റഫറൻസ് നംബർ/തീയ്യതി സഹിതം വിശദ വിവരങ്ങൾ അയച്ചു തരേണ്ടതാണ്.(പട്ടികയുടെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു)

8. അന്യസംസ്ഥാന തൊഴിലാളികളെ (Migrant labourers) സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനായി മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ പക്കൽ ഒരു സോഫ്റ്റ്വെയർ ലഭ്യമാണ്. ആയത് ലഭ്യമാക്കി എല്ലാ ജില്ലകളിലും പ്രയോജനപ്പെടുത്തേണ്ടതാണ്.

9. രണ്ടു വർഷത്തിൽ കൂടുതലായി തീർപ്പാക്കാതെ കിടക്കുന്ന കേസുകളുടെ പട്ടിക തയ്യാറാക്കി ഫെബ്രുവരിക്കു മുമ്പായി അവയെല്ലാം തീർപ്പാക്കേണ്ടതാണ്.(പട്ടികയുടെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു)

10. 2017 വർഷം വരെ റിപ്പോർട്ട് ചെയ്യപ്പെട്ട എല്ലാ POSCO കേസുകളും ഈ വർഷം ഫെബ്രുവരി മാസത്തിനു മുമ്പായി ചാർജ്ജ് ഷീറ്റ് ചെയ്യേണ്ടാതാണ്.

11. ആലപ്പുഴ ജില്ലയിൽ 2015 മുതലുള്ള വാഹന അപകടങ്ങളിൽ മരണമടഞ്ഞവരുടെ വർഷം തിരിച്ചുള്ള കണക്കുകൾ 2015-378, 2016-354, 2017-401 എന്നീ പ്രകാരമാണ്, അഥവാ, അസാമാന്യമായ വർദ്ധനവാണ് അപകട മരണങ്ങളുടെ കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. ഇപ്പ്രകാരം സംഭവിക്കുന്നതിനുള്ള കാരണങ്ങൾ കൃത്യമായി വിലയിരുത്തി, ഒരു **ആക്സിഡൻറ് റിഡക്ഷൻ പ്ലാൻ** ഉണ്ടാക്കി ജനുവരി 15-നകം നടപ്പിൽ വരുത്തേണ്ടതാണ്. ഇപ്രകാരം കോട്ടയം ജില്ലയിലും ഒരു പദ്ധതി തയ്യാറാക്കി നടപ്പിൽ വരുത്തേണ്ടതാണ്.

12. ഓരോ ജില്ലകളിലും നടന്നു വരുന്ന നിർമ്മാണ പ്രവർത്തങ്ങളുടെ പുരോഗതി വിലയിരുത്തി ജില്ലാ പോലീസ് മേധാവിമാർ അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

13. പ്ലാൻ ഫണ്ട് വിനിയോഗം (utilisation) വിലയിരുത്തി അവശേഷിക്കുന്ന ഫണ്ട് ഉണ്ടെങ്കിൽ, ആയത് അടിയന്തിരമായി ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇതു സംബന്ധിച്ച ഒരു സ്റ്റാറ്റസ്

റിപ്പോർട്ട് 31.01.2018 ന മുമ്പായി ലഭ്യമാക്കേണ്ടതാണ്.

14. മുഖ്യമന്ത്രിയുടെ ഓൺ ലൈൻ പരാതി പരിഹാര സെല്ലായ CM's Public Grievances Redressal Cell വഴി ലഭിക്കുന്ന പരതികളുടേയും അവയിലേക്ക് ആവശ്യമായ റിപ്പോർട്ടുകളുടെയും തൽസ്ഥിതി വിലയിരുത്തി തീർപ്പുകൽപ്പിക്കപ്പെടാത്തവ ഇല്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിലും  ഒരു സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

15.ജില്ലകളിലെ ബഡ്ജറ്റ് അലോക്കേഷൻ വിലയിരുത്തി, ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും ആവശ്യമായ തുക അലോട്ട്മെന്റ് ഉള്ളതായി ഉറപ്പ് വരുത്തുകയും, കൂടുതൽ തുക ആവശ്യമാണെങ്കിൽ, ആയതിനു പോലീസ് ഹെഡ് ക്വാട്ടേഴ്സിലേയ്ക്ക് എഴുതുകയും പകർപ്പ് ഈ കാര്യാലയത്തിലെയ്ക്ക് അയച്ചു തരുകയും ചെയ്യേണ്ടതാണ്. കൂടാതെ ധനവിനിയോഗത്തിൽ സർക്കാർ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നതായി ഉറപ്പ് വരുത്തുവാനും നിർദേശിക്കുന്നു.



**പി വിജയൻ ഐ പി എസ്**

**ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്**

POLICE DEPARTMENT

KERALA

**Endt No G1(a)-2471/2018/ID Dated. 19-01-2018**

The message of IGP KoR with the instructions is forwarded to DySP DCRB,CA,G4,B1,G1(b) for report as directed and all other officers for information and necessary action.


Gilson Mathew
Deputy Superintendent of Police
For District Police Chief
District Police Office, Idukki
spidk.pol@kerala.gov.in
04862232354


Internal Administrative Processing System
iAPS
KERALA POLICE